# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 862 | 25.01.2018-ന് മറുപടിയ്ക്ക്

## വായ്പാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :** | **ശ്രീ. എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) പ്രവാസികളുടെ പുനരധിവാസം പദ്ധതി പ്രകാരം പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) പ്രവാസികളുടെ പുനരധിവാസ പദ്ധതി പ്രകാരം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ Re-turn എന്ന പേരിൽ വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (ബി) ഈ പദ്ധതി പ്രകാരം വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും 20 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. കേരളത്തിലെ മറ്റ് പിന്നോക്ക വിഭാഗത്തിലും (ഒ.ബി.സി), മതന്യൂനപക്ഷ വിഭാഗത്തിലും ഉൾപ്പെട്ട 18-നും 65-നും മദ്ധ്യേ പ്രായമുള്ളവരും, പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ സ്ഥിരതാമസമാക്കിയവരുമായ സംരംഭകർക്കാണ് വായ്പ അനുവദിക്കുന്നത്. പദ്ധതി അടങ്കലിന്റെ 95% വരെ വായ്പ അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തണം.<br><br>ഗ്രാമപ്രദേശത്ത് 98,000/- രൂപ വരെയും നഗരപ്രദേശത്ത് 1,20,000/രൂപ വരെയും വാർഷിക വരുമാനമുള്ള ഒ.ബി.സി. വിഭാഗക്കാർക്ക് 5 ലക്ഷം രൂപ വരെ 6% പലിശ നിരക്കിലും അതിനു മുകളിൽ 20 ലക്ഷം രൂപ വരെ 7% പലിശ നിരക്കിലും വായ്പ ലഭിക്കും. ഇതേ വരുമാന പരിധിയിൽ വരുന്ന ന്യൂനപക്ഷ വിഭാഗങ്ങൾക്ക് |

(....2)

20 ലക്ഷം രൂപ വരെ 6% പലിശ നിരക്കിൽ വായ്പ ലഭിക്കും. 6 ലക്ഷം രൂപ വരെ വരുമാനമുള്ള ന്യൂനപക്ഷ വിഭാഗത്തിലെ സ്ത്രീകൾക്ക് 6% നിരക്കിലും പുരുഷൻമാർക്ക് 8% നിരക്കിലും വായ്പ അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നീ ദേശീയ ഏജൻസികളുടെ ധനസഹായത്തോടു കൂടിയാണ് ഈ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നത്.

ഈ പദ്ധതി പ്രകാരം വായ്പ എടുക്കുന്ന പ്രവാസികൾക്ക് പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡിയായി നോർക്കാ റൂട്ട്സ് അനുവദിക്കും. പരമാവധി സബ്സിഡി തുക 3 ലക്ഷം രൂപയാണ്. വായ്പ എടുത്ത് ആരംഭിക്കുന്ന സംരംഭം 4 വർഷം വരെ പ്രവർത്തിച്ചാൽ മാത്രമേ സബ്സിഡി ലഭിക്കുകയുള്ളൂ. ഇതിനു പുറമേ വായ്പാ തിരിച്ചടവിന്റെ ആദ്യ നാലു വർഷങ്ങളിൽ 3% നിരക്കിൽ പലിശ സബ്സിഡിയും നോർക്കാ റൂട്ട്സ് അനുവദിക്കും. വായ്പാ ഗഡുക്കൾ മുടക്കമില്ലാതെ അടയ്ക്കുന്ന സംരംഭകർക്ക് തിരിച്ചടവ് പൂർത്തിയാകുമ്പോൾ പലിശയിനത്തിൽ മൊത്തം തിരിച്ചടച്ച തുകയുടെ 5% 'ഗ്രീൻ കാർഡ്' ആനുകൂല്യമായി കോർപ്പറേഷൻ അനുവദിക്കും.

സെക്ഷൻ ഓഫീസർ